# ബാലരാമപുരത്തിന്റെ ഊടും പാവും
## നെയ്ത്തറിവിന്റെ നാട്ടുകലാചരിത്രവും വർത്തമാനവും

**ഡോ. ശ്രീജ ജെ.എസ്.**
അസിസ്റ്റന്റ് പ്രൊഫസർ
മലയാള വിഭാഗം
ഗവ.കോളേജ്, നെടുമങ്ങാട്

**പ്രബന്ധസംഗ്രഹം**

ദേശമുദ്രയും നാട്ടുസൗന്ദര്യവും വ്യതിരിക്തമായ നിർമ്മാണരീതിയും ഇഴചേർത്ത് 'ബാലരാമപുര'ത്തെ പൈതൃക നെയ്ത്തുകൂട്ടായ്മ സൃഷ്ടിച്ചെടുത്ത ഉയർന്ന ഗുണനിലവാരമുള്ള കലാനിർമ്മിതിയാണ് 'ബാലരാമപുരം കൈത്തറി'. വസ്ത്രനിർമ്മാണമേഖല കുത്തകമുതലാളിത്തം കയ്യടക്കിക്കഴിഞ്ഞ വർത്തമാനകാല സാഹചര്യം ഭൂമിശാസ്ത്രപരമായ വേരുകളുള്ള ഈ ഉൽപ്പന്നത്തിന് വെല്ലുവിളി ഉയർത്തുന്നുണ്ട്. 'ഭൗമസൂചികാ'പദവിയും (Geographical Indication) നല്ല വിപണിമൂല്യവും ഉണ്ടായിരുന്നിട്ടും തദ്ദേശജനത നിസ്സഹായരായി ഇതിൽനിന്ന് പിൻവാങ്ങാൻ നിർബന്ധിതരാകുന്നു. അനുകരണങ്ങൾ 'ബാലരാമപുരം' എന്ന ദേശസൂചനയുടെ പിൻബലത്തിൽ വളരുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ ബാലരാമപുരം കൈത്തറിയുടെ ദേശബന്ധം, കലാചരിത്രം, നാട്ടുസങ്കേതങ്ങൾ, ഹരിതസമീപനം, വൻകിട മേഖല കൈയ്യടക്കുമ്പോൾ സംഭവിക്കുന്ന പരിണാമങ്ങൾ, പൈതൃക തൊഴിലിടമാക്കിയിരുന്ന നാട്ടുകൂട്ടായ്മകളുടെ സമകാലികസ്ഥിതി, ആഗോളവൽക്കരണവും കമ്പോളവൽക്കരണവും ഉൽപ്പാദന-വിപണനരംഗത്ത് സൃഷ്ടിക്കുന്ന പ്രതിസന്ധികൾ, പ്രതിരോധമാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ചുള്ള അന്വേഷണമാണ് ഇവിടെ നടത്തുന്നത്.

**സൂത്രവാക്കുകൾ**

പൈതൃകത്തിന്റെ ദേശപ്പൊരുൾ, ഹരിത സാങ്കേതികവിദ്യ, നാട്ടുകലാചരിത്രം, ഭൗമസൂചികാപദവി, കുത്തകമുതലാളിത്തം, നാട്ടറിവിന്റെ പ്രതിരോധരാഷ്ട്രീയം

**ആമുഖം**

മനുഷ്യരുടെ ഭൗതികജീവിതത്തിന് അനിവാര്യമായ അടിസ്ഥാന ഘടകങ്ങളിലൊന്നാണ് വസ്ത്രം. വസ്ത്രനിർമ്മാണ പ്രക്രിയയിലെ കേന്ദ്ര മോട്ടിഫായ 'നെയ്ത്തറിവി'ന്റെ (weave lore) ചരിത്രം മനുഷ്യസംസ്കാരത്തിന്റെ കൂടി ചരിത്രമാണ്. പ്രാചീന ഇന്ത്യയെ സംബന്ധിച്ചിടത്തോളം കൈത്തറി കുടിൽവ്യവസായമാക്കിയിരുന്ന നെയ്ത്തുഗ്രാമങ്ങൾ സമ്പദ്‌വ്യവസ്ഥയുടെ തന്നെ നട്ടെല്ലായിരുന്നു. ദേശീയപ്രസ്ഥാനകാലത്ത് കൈത്തറിനെയ്ത്തും തദ്ദേശീയവസ്ത്രങ്ങളും ഒരു പ്രതിരോധ ചിഹ്നം കൂടിയായിരുന്നു. ഈ ഇന്ത്യൻ നെയ്ത്തുപൈതൃകത്തിൽ കേരളത്തിനും തനതായ സംഭാവനകളുണ്ട്. അക്കൂട്ടത്തിൽ സുപ്രധാനമാണ് ബാലരാമപുരം കൈത്തറി. കേരളത്തിന്റെ നാട്ടുഭൗതികസംസ്കൃതി (Folk material culture) യുടെ ഭാഗമായ ഈ 'ഭൗമസൂചകം' (Geographical Indication) 'ബാലരാമപുരം' എന്ന ദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാലും തദ്ദേശജനതയുടെ സവിശേഷ വൈദഗ്ധ്യത്താലും നിർണ്ണയിക്കപ്പെടുന്നു.

ഗ്രാമങ്ങൾക്ക് സ്വയം പര്യാപ്തത നൽകിയിരുന്ന ചെറുകിട വ്യവസായമായിരുന്ന നെയ്ത്തുസങ്കേതത്തെ ഇന്ന് വൻകിടമേഖല കൈയടക്കിക്കഴിഞ്ഞു. 'കുഴിത്തറി'കളുടെ സ്ഥാനത്ത് യന്ത്രത്തറി (powerloom) കളും നൈപുണ്യത്തിന്റെ സ്ഥാനത്ത് കമ്പ്യൂട്ടർ രൂപകല്പനയും ഇടംപിടിച്ചു. വസ്ത്രനിർമ്മാണ മേഖലയിലെ ദ്രുതഗതിയിലുള്ള ഈ പരിവർത്തനങ്ങൾക്കിടയിലും കേരളത്തനിമയുടെ മുഖമുദ്രയായി അന്താരാഷ്ട്ര പ്രശസ്തിയോടെ തലയുയർത്തി നിൽക്കുന്ന സാംസ്കാരികചിഹ്നമാണ് ബാലരാമപുരം കൈത്തറി. അതിൽനിന്ന് ദേശമുദ്രയായ 'ബാലരാമപുര'ത്തെയും ആ ദേശം പശ്ചാത്തലമായുള്ള 'നാട്ടുജനത' (Folk) യെയും വിച്ഛേദിച്ചാൽ അതിന്റെ അസ്തിത്വം നഷ്ടപ്പെടും.

മനുഷ്യരും ദേശവും തമ്മിലുള്ള ഇഴപിരിക്കാനാവാത്ത ബന്ധത്തിന്റെ അടയാളമാണ് ഓരോ നാട്ടറിവും. പക്ഷേ, ആഗോളവൽക്കരണത്തിന്റെയും കമ്പോളവൽക്കരണത്തിന്റെയും സമകാലികപരിസരം ഈ നാട്ടറിവുകളെയും അവയ്ക്ക് പശ്ചാത്തലമായ നാടിനെയും നാട്ടുജനതയെയും വെല്ലുവിളിക്കുകയും സ്വത്വപ്രതിസന്ധിയിലാക്കുകയും ചെയ്യുന്നു. ഈ പശ്ചാത്ത

ലത്തിൽ 'ബാലരാമപുരം കൈത്തറി' എന്ന ഭൗമസൂചകത്തെ ചരിത്രപരമായി പുനർവായിച്ച് കാലികമായി അടയാളപ്പെടുത്തുകയാണ് ഈ പഠനത്തിൽ ചെയ്യുന്നത്. സാംസ്കാരിക നാട്ടറിവു സമീപനം (cultural folklore approach) സ്വീകരിച്ചുകൊണ്ടുള്ള ഈ വിചിന്തനം 'നെയ്ത്തറിവി'നെ പ്രാദേശികതയും സാർവ്വലൗകികതയും തമ്മിലുള്ള സംഘർഷങ്ങളുടെ സമകാലികപരിസരത്തിൽ അഭിസംബോധന ചെയ്യുന്നു. മാത്രമല്ല; ഏതൊരു നാട്ടറിവ് ജനുസും (genre)നാട്ടുജനജീവിതത്തിന്റെ (folk life) കൂടി ഭാഗമാണെന്നതിനാൽ ഈ നെയ്ത്തറിവുപഠനം ബാലരാമപുരത്തെ നെയ്ത്തു കൂട്ടായ്മയെക്കുറിച്ചു കൂടിയുള്ള അന്വേഷണമായിരിക്കും.

**പൈതൃകത്തിന്റെ ദേശപ്പൊരുൾ**

തിരുവനന്തപുരം ജില്ലയുടെ തെക്കേയറ്റത്ത് നെയ്യാറ്റിൻകര താലൂക്കിൽ ഉൾപ്പെടുന്ന ഒരു ഗ്രാമപഞ്ചായത്താണ് ബാലരാമപുരം. ഏകദേശം പത്ത് കിലോമീറ്റർ ചുറ്റളവിൽ വ്യാപിച്ചുകിടക്കുന്ന ഈ ദേശം തെക്ക് ഉച്ചക്കടയുമായും വടക്ക് എരാവത്തുരുമായും കിഴക്ക് നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയുമായും പടിഞ്ഞാറ് പള്ളിച്ചൽ ഗ്രാമപഞ്ചായത്തുമായും അതിരു പങ്കിടുന്നു. ഇന്ന് ദ്രുതഗതിയിൽ നഗരമായി മാറിക്കൊണ്ടിരിക്കുന്ന ഈ പ്രദേശത്തിന്റെ സാമൂഹിക-സാംസ്കാരിക-സാമ്പത്തിക ഘടനയിൽ മുഖ്യസ്ഥാനമുണ്ടായിരുന്ന 'പ്രയുക്തകല'(applied art)യാണ് നെയ്ത്ത്. 18-ാം നൂറ്റാണ്ടിന്റെ തുടക്കത്തിലും 19-ാം നൂറ്റാണ്ടിന്റെ ഒടുക്കത്തിലും തിരുവിതാംകൂർ ഭരിച്ചിരുന്ന അവിട്ടം തിരുനാൾ ബാലരാമവർമ്മ മഹാരാജാവ് (ഭരണകാലം 1798-1810) രാജകുടുംബത്തിന്റെ ഉടയാടകൾ തയ്യാറാക്കുന്നതിനായി തമിഴ്നാട്ടിൽ നിന്ന് ശാലി ഗോത്രക്കാരായ കുറച്ചു നെയ്ത്തുകുടുംബങ്ങളെ ഇവിടെ കൊണ്ടുവന്ന് താമസിപ്പിച്ചു എന്നും അവരും അവരുടെ പിൻതലമുറക്കാരുമാണ് ബാലരാമപുരത്തെ നെയ്ത്തറിവിന്റെ ഉടമസ്ഥരായ 'നാട്ടുജനത' (Folk) എന്നുമാണ് വാമൊഴിചരിത്രവും വരമൊഴി ചരിത്രവും ഒരുപോലെ വിശ്വസിക്കുന്നത്

വ്യത്യസ്ത കർമ്മമേഖലകളിൽ വ്യാപരിക്കുന്ന വംശീയ കൂട്ടായ്മകൾ അധിവസിച്ചിരുന്ന ബാലരാമപുരത്തെ പഞ്ചവർണ്ണത്തെരുവിൽ ഉൾപ്പെടുന്ന ശാലിഗോത്രത്തെരുവ് (ചാലിയത്തെരുവ്)

ഈ നെയ്ത്തുകൂട്ടായ്മയുടെ ആവാസകേന്ദ്രമായിരുന്നു. അഗസ്ത്യ ക്ഷേത്രത്തിന് സമീപമായുള്ള സിംഗിൾ സ്ട്രീറ്റ് (single street), ഡബിൾ സ്ട്രീറ്റ് (double street), വിനായകർ സ്ട്രീറ്റ് (Vinayagar street), ന്യൂ സ്ട്രീറ്റ് (New street) എന്നീ നാല് സ്ട്രീറ്റുകളായാണ് നിലവിൽ ഈ പ്രദേശം അറിയപ്പെടുന്നത്. ഒരു കാലത്ത് ഈ തെരുവിലെ എല്ലാ വീടുകളിലും തറിയും നെയ്ത്തും ഉണ്ടായിരുന്നു. ഉൽപ്പാദനവും വിതരണവും വിപണനവും സുഗമമായി നടത്തുന്ന തിനുള്ള എല്ലാ സൗകര്യങ്ങളും അവിടെയുണ്ടായിരുന്നു.

നൂറിലേറെ വർഷങ്ങൾക്ക് മുൻപ് രൂപം കൊണ്ട 'ബാലരാമപുരം ശാലിഗോത്ര അഭിവൃദ്ധി കൈത്തറി സഹകരണസംഘം – 1469' ആയിരുന്നു ഇവിടത്തെ ആദ്യത്തെ ഔപചാരിക നെയ്ത്തു സംഘടന. നവോത്ഥാന പ്രവർത്തനങ്ങളുടെ കാലത്ത് സംഘം 'ശാലിഗോത്രം' എന്ന നിബന്ധന ഉപേക്ഷിച്ച് 'ബാലരാമപുരം കൈത്തറി സഹകരണസംഘം' ആയി മാറുകയും ദീർഘകാലം പ്രവർത്തിക്കുകയും ചെയ്തുവെങ്കിലും പിന്നീട് പ്രവർത്തനം നിലച്ചു. കുലത്തൊഴിൽ എന്ന നിലയിൽ മാത്രമല്ല മെച്ചപ്പെട്ട വേതനവും സമൂഹത്തിൽ മാന്യതയും ലഭിക്കുന്ന 'പൈതൃക നാട്ടറിവ്' എന്ന നിലയിൽത്തന്നെ അന്നത്തെ നാട്ടുജനത നെയ്ത്തു വിദ്യയെ ഉൾവഹിച്ചിരുന്നു. അതിന്റെ ഫലമാണ് ഇന്നും കേരളത്തിന്റെ അഭിമാനമായി ഗുണത്തിലും വിശ്വാസ്യതയിലും തനിമ പുലർത്തിക്കൊണ്ട് ലോകത്തിന് മുന്നിൽ നിലനിൽക്കുന്ന ബാലരാമപുരം കൈത്തറി.

**ഹരിത സാങ്കേതികവിദ്യ**

സൂക്ഷ്മമായി വിശകലനം ചെയ്താൽ ഇരുപത്തിയാറോളം പ്രക്രിയകൾ ഉൾപ്പെടുന്ന ഏകാഗ്രവും സങ്കീർണ്ണവുമായ നാട്ടുസാങ്കേതികവിദ്യയാണ് ബാലരാമപുരത്തെ 'നെയ്ത്തുജനത' (Weaving folk) ഉപയോഗിക്കുന്നത്. പരുത്തിനൂൽ, പ്രകൃതിദത്ത ചായങ്ങൾ, അരിപ്പശ തുടങ്ങിയവയാണ് അസംസ്കൃതവസ്തുക്കൾ. സ്പിന്നിങ് മില്ലുകളിൽ നിന്ന് ലഭ്യമാകുന്ന ശുദ്ധമായ കോട്ടൺനൂലിനെ ദീർഘമായ പ്രക്രിയകളിലൂടെയാണ് സംസ്കരിച്ചെടുക്കുന്നത്. വെള്ളത്തിൽ നനച്ചെടുക്കുന്ന നൂൽ ചവിട്ടി കറ കളഞ്ഞ്, പിഴിഞ്ഞ്, അരിപ്പശമുക്കി പരുവപ്പെടുത്തിയശേഷം

'പാക്കള്'ത്തിൽ ('പാവ്' ഉണക്കുന്ന സ്ഥലം) ഉണക്കിയെടുക്കുന്നു. ഇങ്ങനെ സംസ്കരിച്ചെടുത്ത 'തോയണപാവ്' (ഉണക്ക് പാവ്) ബാലരാമപുരം കൈത്തറിയുടെ ഗുണമേന്മയെ നിർണ്ണയിക്കുന്ന അടിസ്ഥാന ഘടകങ്ങളിൽ ഒന്നാണ്. ഇതിനെ റാട്ടുകളുടെയും (പാവോട്ടുന്ന റാട്ട്, നൂലുചുറ്റുന്ന റാട്ട്) ഓടത്തിന്റെയും (ഊട് വി ന്യാസത്തിനുപയോഗിക്കുന്ന ഉപകരണം) അച്ചിന്റെയും ഒക്കെ സഹായത്തോടെ കുഴിത്തറിയിൽ, കൈയും കാലും ഒരേസമയം ഉപയോഗിച്ച് ഊടും പാവും നെയ്ത് വസ്ത്രമാക്കുന്നു.

'മിൽപാവി'ന്റെയും 'തോയണപാവി'ന്റെയും സങ്കേതങ്ങളും വിഭവങ്ങളും വ്യത്യസ്തമാണ്. യന്ത്രത്തറിയിൽ (Powerloom) ശുദ്ധമായ പരുത്തിനൂൽ മുറിഞ്ഞുപോകുമെന്നുള്ളതുകൊണ്ട് പോളിസ്റ്റർ കലർത്തേണ്ടിവരും. പാവിൽ തേയ്ക്കാനുപയോഗിക്കുന്ന പശ അരിമാവ് കാച്ചി ഉണ്ടാക്കുന്നതാണ് (യന്ത്രത്തറിയിൽ കെമിക്കൽ പശയാണ് ഉപയോഗിക്കുന്നത്). ബാലരാമപുരത്തെ പൈതൃക നെയ്ത്തുജനത ഉപയോഗിക്കുന്ന അസംസ്കൃതവസ്തുക്കളെല്ലാം പ്രകൃതിദത്തമാണ്. നിർമ്മാണത്തിന്റെ തുടക്കം മുതൽ ഒടുക്കം വരെ ഒരു ഘട്ടത്തിലും പ്രകൃതിക്കോ മനുഷ്യർക്കോ ദോഷം വരുന്ന ഒരു തരത്തിലുള്ള വിഭവമോ സങ്കേതമോ ആശയമോ സ്വീകരിക്കുന്നില്ല. തീർത്തും ജൈവികമായ അസംസ്കൃതവസ്തുക്കളുടെയും കൈയും കാലും മനസും ചേർന്നുള്ള മനുഷ്യാധ്വാനത്തിന്റെയും സംയുക്തസൃഷ്ടിയാണ് ഓരോ നെയ്ത്തുൽപ്പന്നവും.

തനതു രീതിയിൽ ഒരു സാധാരണ മുണ്ട് കുഴിത്തറിയിൽ നെയ്തെടുക്കുന്നതിനു മാത്രം ശരാശരി അഞ്ചോ ആറോ മണിക്കൂറുകളുടെ അധ്വാനം വേണ്ടിവരും (വ്യക്തികളുടെ വേഗതയനുസരിച്ച് സമയത്തിൽ ഏറ്റക്കുറച്ചിലുകൾ വന്നേക്കാം). മില്ലിൽ നിന്ന് കിട്ടുന്ന നൂല് നെയ്ത്തിനു പാകമാക്കി തറിയിൽ എത്തിച്ചതിനുശേഷമുള്ള പ്രവർത്തനങ്ങളുടെ കാര്യം മാത്രമാണിത്. അങ്ങനെ നോക്കുമ്പോൾ അനുബന്ധ പ്രവർത്തനങ്ങൾ ഉൾപ്പെടെ ഇതിന് പിന്നിലുള്ള അധ്വാനവും ക്ഷമയും നൈപുണ്യവും വിലമതിക്കാനാവാത്തതാണ്. ബാലരാമപുരം കൈത്തറിക്ക് പകരം വയ്ക്കാനില്ലാത്ത തനിമയും ഗുണമേന്മയും ലഭിക്കുന്നതിന് പിന്നിലെ രഹസ്യവും മറ്റൊന്നല്ല.

**നാട്ടുകലാചരിത്രം**

"ചെറുകൂട്ടായ്മകളിലെ കലാത്മക സംവേദനമാണ് നാട്ടറിവ്" (Folklore is artestic communication in small groups) എന്ന ഡാൻ ബെൻ-ആമോസിന്റെ നാട്ടറിവു നിർവചനം നെയ്ത്തറിവിനും ചേരുന്നതാണ് (നാട്ടറിവ്, പുറം: 55). പരമ്പരാഗതമായ നെയ്ത്തറിവ് പ്രത്യക്ഷത്തിൽ ഒരു തൊഴിൽ സങ്കേതം ആണ്; അതേസമയം തൊഴിലോ സാങ്കേതികവിദ്യയോ മാത്രമല്ല താനും. ഭൂപ്രകൃതിയെ സംബന്ധിച്ചും കാർഷികവിഭവങ്ങളെ സംബന്ധിച്ചും കാലാവസ്ഥയെ സംബന്ധിച്ചുമൊക്കെയുള്ള തദ്ദേശീയമായ അറിവുകളും തലമുറകളായി കൈമാറിവരുന്ന നൈപുണ്യവും അതിൽ അന്തർഭവിക്കുന്നുണ്ട്. അവയെ സൗന്ദര്യാത്മകമായി പ്രയോഗവൽക്കരിക്കുന്നുമുണ്ട്. മനുഷ്യന്റെ വൈകാരിക ഊർജ്ജവും ദേശത്തിന്റെ ജൈവമുദ്രകളും ചേർന്ന് സർഗ്ഗാത്മകമാകുമ്പോൾ ദേശീജ്ഞാനം 'കലാത്മകമായ സംവേദനം' തന്നെയായി മാറുന്നു. നിത്യജീവിതത്തിനാവശ്യമായ ഭൗതികവസ്തു ആണെങ്കിൽപ്പോലും ഉൽപ്പന്നം എന്ന നിലയിൽ നിന്ന് കലാത്മക നിർമ്മിതി എന്ന നിലയിലേക്ക് പരിണമിക്കുകയും ചെയ്യുന്നു.

ഒരു വ്യാവസായികോൽപ്പന്നത്തിന്റെ നിർമ്മാണം എന്ന നിലയിലുള്ള യാന്ത്രികമായ അനുകരണമോ ഏകതാനമായ ആവിഷ്കാരമോ അല്ല ഇവിടെ നടക്കുന്നത്; മറിച്ച് ഏകാഗ്രമായ സൃഷ്ടികർമ്മമാണ്. ജന്മവാസനയും പരിതഃസ്ഥിതിയാൽ ആർജ്ജിക്കുന്ന സവിശേഷ വൈദഗ്ധ്യവും ആണ് അതിന്റെ അടിസ്ഥാനം. പരമ്പരാഗത നെയ്ത്തു കൂട്ടായ്മകളിലെ കുട്ടികളിൽ പിറന്നുവീഴുന്നതു മുതൽ തന്നെ നെയ്ത്തുതാളം മനസിലേറും. അബോധാത്മകമായ അഭ്യാസം അവിടം മുതൽ തന്നെ തുടങ്ങും. അഞ്ചോ ആറോ വയസാകുമ്പോൾ ചർക്കയിൽ നൂൽ നൂൽക്കാൻ സ്വയമേവ പഠിക്കും. അങ്ങനെ കണ്ടും കേട്ടും പെരുകുന്ന നൈപുണ്യത്തിൽ ദേശാധിഷ്ഠിത ജൈവസൗന്ദര്യം കൂടി കലരുമ്പോൾ അത് ഉയർന്ന നിലവാരത്തിലുള്ളതും പ്രതിരോധസ്വഭാവം പുലർത്തുന്നതുമായ നാട്ടുകലാദർശനമായി വികസിക്കുന്നു.

മനുഷ്യാധ്വാനം കുറച്ച് മാത്രം ആവശ്യമുള്ള യന്ത്രത്തറികൾ (power loom) ഉപയോഗിച്ച് അതിവേഗം വസ്ത്രനിർമ്മാണം സാധ്യമാക്കുന്ന കാലമാണിത്. കമ്പ്യൂട്ടർ പിന്തുണയോടെയുള്ള ഇല

ക്ലിക് മോട്ടോർ ഉപയോഗിച്ച് വേഗത്തിലും വ്യതിരിക്തമായും രൂപകൽപ്പന (design) ചെയ്യുന്നതിനുള്ള സങ്കേതങ്ങളും നിലവിൽ വന്നുകഴിഞ്ഞു. മനുഷ്യന്റെ സർഗ്ഗാത്മകതയുടെ ഇടത്തേക്ക് പോലും കമ്പ്യൂട്ടറും നിർമ്മിതബുദ്ധിയും കടന്നുകയറുന്ന കാലത്ത് 'ബാലരാമപുരം കൈത്തറി' എന്ന സാംസ്കാരിക ചിഹ്നത്തിന് സവിശേഷ പ്രാധാന്യമുണ്ട്. മനുഷ്യാധ്വാനത്തിന്റെയും നാട്ടുസൗന്ദര്യബോധത്തിന്റെയും അപൂർവ്വലയനം ഇവിടെ സംഭവിക്കുന്നു. നാടും നാട്ടുജനതയും ഊടും പാവുമായി മാറുന്ന ആ അപൂർവ്വതയാണ് നെയ്ത്തറിവിന്റെ കലാചരിത്രം.

**ഭൗമസൂചികാപദവി**

"ഏതെങ്കിലും പ്രത്യേക ഭൂമിശാസ്ത്രമേഖലയിൽ ജന്മമെടുത്തതും സവിശേഷമായ ഗുണങ്ങളുള്ളതും വിശ്വാസ്യതകൊണ്ട് പൊതു അംഗീകാരം ലഭിച്ചതുമായ ഉൽപ്പന്നമോ അടയാളമോ ജൈവവസ്തുവോ (രാജഗോപാലൻ, 64) എന്നാണ് ഭൗമസൂചകങ്ങൾക്ക് (Geographical indications) 'വിപോ' (Wipo-world intellectual property organization) നൽകുന്ന നിർവചനം. ദേശസംബന്ധമായ സവിശേഷതകളോ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളോ പാരമ്പര്യാർജ്ജിതമായ നൈപുണ്യങ്ങളോ ഒക്കെയാണ് ഈ പദവി ലഭിക്കുന്നതിന്റെ മാനദണ്ഡം. കേരളത്തിൽ നിന്ന് ഭൗമസൂചികാപദവി ലഭിച്ചിട്ടുള്ള ഉൽപ്പന്നങ്ങളിൽ ഒന്നാണ് ബാലരാമപുരം കൈത്തറി (Balaramapuram sarees and fine cotton Fabrics) (രാജഗോപാലൻ, 64).

ബാലരാമപുരം കൈത്തറി എന്ന ഭൗമസൂചകത്തിന്റെ കേന്ദ്രത്തിൽ നിൽക്കുന്ന മോട്ടിഫ് 'ബാലരാമപുരം' എന്ന ദേശമാണ്. കേരളത്തിന്റെ തെക്കേയറ്റത്ത്, കടലിൽ നിന്നും മലയിൽനിന്നും ഏകദേശം തുല്യ അകലം പാലിക്കുന്ന, മിതശീതോഷ്ണ കാലാവസ്ഥയുള്ള ഒരു 'ഗ്രാമ'മായിരുന്ന (നിലവിൽ അതിവേഗം നഗരമായി മാറുന്ന) ബാലരാമപുരം. ആ ദേശത്തിന്റെ കാലാവസ്ഥയും ഭൂപ്രകൃതിയും ആണ് ബാലരാമപുരം കൈത്തറിയെ അതാക്കുന്നത്. നൂൽ നനച്ച് പിഴിഞ്ഞ് പാക്കളത്തിൽ ഉണക്കി പരുവപ്പെടുത്തിയെടുക്കുന്ന പ്രക്രിയയിൽ കാലാവസ്ഥയ്ക്ക് വലിയ പങ്കുണ്ട്. വെയിലിന്റെയും മഴയുടെയും തോതും കാറ്റിന്റെ ദിശയും

നിർണ്ണായകമാണ്. ഏറ്റവും മികച്ച ഗുണനിലവാരമുള്ള 'പാവ്' നിർമ്മിക്കാൻ അനുയോജ്യമായ കാലാവസ്ഥയാണ് ഈ ഭൂപ്രദേശത്തിനുള്ളത്. ഇവിടെ നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃതവസ്തുക്കളും ഉപകരണങ്ങളും മറ്റൊരു ദേശത്ത് സ്ഥാപിച്ച് സമാന പ്രക്രിയകൾ നടത്തിയാലും ഈ ഗുണമേന്മയുള്ള ഉൽപ്പന്നം ലഭിക്കുകയില്ല എന്നാണ് പരമ്പരാഗത നെയ്ത്തുവിദഗ്ധരുടെ അഭിപ്രായം.

**മുതലെടുക്കുന്ന കുത്തകമുതലാളിത്തം**

ഭൗമസൂചകം ഒരു പ്രത്യേക ദേശത്തിന്റെ തനത് ഉൽപ്പന്നമാണ്. അതിന്റെ ഉടമസ്ഥത തദ്ദേശജനതയ്ക്ക് മാത്രം അവകാശപ്പെട്ടതാണ്. ബൗദ്ധിക സ്വത്തവകാശവുമായി ബന്ധപ്പെട്ട നിയമങ്ങളനുസരിച്ച് ഭൗമസൂചികാപദവിയുള്ള ഉൽപ്പന്നങ്ങളുടെ പേരോ ആശയമോ ഒന്നും തന്നെ യഥാർത്ഥ ഉടമസ്ഥരായ കൂട്ടായ്മയ്ക്ക് പുറത്തുള്ളവർക്ക് ഉപയോഗിക്കാൻ അവകാശമില്ല. ആധികാരിക ഉൽപ്പന്നത്തെ തിരിച്ചറിയാൻ ഉപകരിക്കുക എന്നത് ആ പദവിയുടെ പ്രഥമ ലക്ഷ്യമാണ്. പദവിയുടെ ഗുണം ലഭിക്കേണ്ടതും ഉടമസ്ഥർക്ക് തന്നെയായിരിക്കണം. അങ്ങനെ നോക്കുമ്പോൾ ബാലരാമപുരം കൈത്തറി എന്ന ഭൗമസൂചകത്തിന്റെ ഉടമസ്ഥരും ഗുണഭോക്താക്കളും തദ്ദേശ നെയ്ത്തുകൂട്ടായ്മ ആകേണ്ടതാണ്. പക്ഷേ, ആ പേരും പദവിയും പ്രതീകവൽക്കരിച്ച് ഒരു 'വ്യാപാരചിഹ്നം' (Trade mark) പോലെ വസ്ത്രവ്യാപാരരംഗത്തെ കുത്തകമുതലാളിമാർ എടുത്തുപയോഗിക്കുന്ന കാഴ്ചയാണ് ഇന്ന് കാണുന്നത്. കൂട്ടായ്മയുടെ അറിവോ സമ്മതമോ കൂടാതെ നടക്കുന്ന ഈ അധിനിവേശം നാട്ടറിവിന്റെ സ്വഭാവിക പരിണാമമല്ല.

കുഴിത്തറിയിൽ ഒരു സാധാരണ മുണ്ട് നെയ്യുന്നതിന് ശരാശരി കൂലി മുന്നൂറ്റിയൻപത് രൂപയാണ്. ഒരു ദിവസം മുഴുവൻ അദ്ധ്വാനിച്ചാലും ഒരാൾക്ക് ഒന്നര മുണ്ടുവരെയൊക്കെയേ നെയ്യാനാവൂ. തനിമയുള്ള ഉൽപ്പന്നത്തിന് വിപണിയിൽ ഉയർന്ന വില ലഭിക്കുന്നുണ്ട്. പക്ഷേ അതിന്റെ അൻപത് ശതമാനത്തോളം പോകുന്നത് ഇടനിലക്കാർക്കായിരിക്കും. ബാക്കിയുള്ളതിൽ അസംസ്കൃതവസ്തുക്കളുടെ ചെലവ്, ഉദ്യോഗസ്ഥശമ്പളം എല്ലാം കഴിച്ചാൽ നെയ്ത്താളരിലേക്ക് എത്തുന്നത് വിപണിവില

യുടെ മുപ്പത് ശതമാനത്തിൽ താഴെയായിരിക്കും. ആയിരം രൂപയ്ക്കടുത്ത വേതനം ഇന്ന് കേരളത്തിൽ പ്രത്യേക വൈദഗ്ധ്യം ആവശ്യമില്ലാത്ത കൂലിവേലകൾക്ക് പോലും ലഭ്യമാണെന്നിരിക്കെയാണ് പരമ്പരാഗത നെയ്ത്തുകാർക്ക് മാത്രം (പവർമില്ലിലെ തൊഴിലാളികൾക്ക് താരതമ്യേന മെച്ചപ്പെട്ട വേതനം ലഭിക്കുന്നുണ്ട്) നേരിടേണ്ടിവരുന്ന ഈ ദുരവസ്ഥ. കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കൈത്തറി സഹകരണസംഘങ്ങൾ തുടങ്ങിയവയുൾപ്പെടെ പല സർക്കാർ സംവിധാനങ്ങളും റിബേറ്റ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളുമൊക്കെയുണ്ടെങ്കിലും അതിന്റെയൊന്നും പ്രവർത്തനം നാട്ടുജനതയുടെ അരക്ഷിതാവസ്ഥ പരിഹരിക്കാൻ പര്യാപ്തമാവുന്നില്ല. അതുകൊണ്ടുതന്നെ ബാലരാമപുരത്തെ പുതുതലമുറ, നിലവിൽ ഉപജീവനത്തിന് പോലും അപര്യാപ്തമായ ഈ തൊഴിൽ ഏറ്റെടുക്കുന്നില്ല. ബാലരാമപുരത്തെ തനത് നെയ്ത്ത്ഗ്രാമം (പഴയ ചാലിയത്തെരുവ്) ആ അർത്ഥത്തിൽ ഇന്നില്ല. അഗസ്ത്യക്ഷേത്രത്തിന് സമീപമുള്ള നാലു തെരുവുകളിലും സജീവമായ തറികൾ പേരിനുമാത്രം, അതും നഷ്ടം സഹിച്ച് പാരമ്പര്യത്തിന്റെ ഗൃഹാതുര സ്മരണയ്ക്കായി മാത്രം നടത്തിക്കൊണ്ടുപോകുന്നവ. വില്ലിക്കുളം, തേമ്പാമുട്ടം, പാറക്കുഴി, പുന്നയ്ക്കാട്, റസൽപുരം തുടങ്ങിയ പ്രാന്തപ്രദേശങ്ങളിൽ പത്തോ പതിനഞ്ചോ തറികൾ മാത്രമുള്ള കുറച്ച് ചെറുകിട യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ഈ നില തുടരുകയാണെങ്കിൽ അവശേഷിക്കുന്നവയും ഒരു തലമുറ കൂടി കഴിയുമ്പോൾ അന്യം നിൽക്കാനാണ് സാധ്യത.

മേന്മയേറിയ നെയ്ത്തുടയാടകളുടെ ഉൽപ്പാദനകേന്ദ്രം എന്ന നിലയിൽ പുകൾപെറ്റിരുന്ന ബാലരാമപുരം നിലവിൽ വിൽപ്പനകേന്ദ്രം മാത്രമാണ്. ഉൽപ്പാദനം ഏറെക്കുറെ അന്യം നിന്നു കഴിഞ്ഞു. ബാലരാമപുരത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ (മഞ്ചവിളാകം, പെരിങ്ങമ്മല, പയറ്റുവിള) നിന്നും ചേന്ദമംഗലം, കുത്താമ്പുള്ളി, തമിഴ്നാട് തുടങ്ങി കേരളത്തിനകത്തും പുറത്തുമുള്ള മറ്റു സ്ഥലങ്ങളിൽ നിന്നും വരുന്ന ഉൽപ്പന്നങ്ങളുടെ വിറ്റഴിക്കലാണ് മുഖ്യമായും അവിടെ നടക്കുന്നത്. വാസ്തവത്തിൽ 'ബാലരാമപുരം' എന്ന ദേശസൂചനയ്ക്ക് ഉയർന്ന വിപണിമൂല്യമുണ്ട്. എന്നാൽ അതിന്റെ ഗുണവിഹിതം നെയ്ത്ത് കൂട്ടായ്മകൾക്ക് ലഭിക്കുന്നില്ല.

കുത്തക മുതലാളിത്തം ആ ദേശമുദ്രയെത്തന്നെ വില്പനച്ചരക്കാക്കി ലാഭം കൊയ്യുകയും ചെയ്യുന്നു. കോളനിയനന്തരകാലത്തെ അധിനിവേശത്തിന്റെ നൂതന ബലതന്ത്രങ്ങൾ ഇത്തരം നാട്ടറിവുകളുടെ വിപണിസാദ്ധ്യത കൃത്യമായി തിരിച്ചറിയുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

**നാട്ടറിവിന്റെ പ്രതിരോധരാഷ്ട്രീയം**

"നെയ്യും തൊഴിലൈ ശീർതൂക്കി പാർത്താൽ
നെയ്യും തൊഴിലിക്ക് നിഹരില്ലൈ"
(ആവേദകൻ: സുബ്രഹ്മണ്യൻ)

മനുഷ്യർക്ക് ചെയ്യാൻ കഴിയുന്ന തൊഴിലുകളിൽ വച്ച് ഏറ്റവും മികച്ചത് നെയ്ത്ത് ആണെന്നും അതിനപ്പുറം മറ്റൊന്നില്ല എന്നുമാണ് ഈ തമിഴ് ചൊല്ലിനർത്ഥം. അങ്ങനെയൊരു സുവർണ്ണകാലം ഇവിടെയും ഉണ്ടായിരുന്നു; നെയ്ത്തുകാർക്ക് ഉയർന്ന വേതനവും സമൂഹത്തിൽ മാന്യതയും ഉണ്ടായിരുന്ന കാലം. പല വംശങ്ങളിലുമുള്ള അടിസ്ഥാന ജനവിഭാഗം ഈ തൊഴിലിലേക്ക് കടന്നുവരികയും ചെയ്തിരുന്നു.

'കൺതടം കുത്തി കുരുപ്പരുത്തിനട്ട്
പഞ്ഞിക്കാ പൊട്ടിച്ചു തക്ലികൊരുത്തിട്ട്
ആദിത്യരശ്മിപോലംബരനൂലിട്ട്
രാപ്പകലില്ലാതെ ഓമൽതറിയോട്
മല്ലിട്ടു തുല്ലിട്ടുടയാട നെയ്തതും
നെഞ്ചുമറയ്ക്കാതെ ശീതത്തീതിന്നതും
ഞാനേ കീഴാളൻ
ഉടുമുണ്ടിന്റെ നെയ്ത്താളൻ"
(കുരീപ്പുഴ ശ്രീകുമാർ, കീഴാളൻ, പുറം: 226)

എന്ന് പുതിയ കാലത്തിന്റെ കവി സവർണ്ണാധിപത്യകാലത്തെ നെയ്ത്താളരുടെ അവസ്ഥ ചൂണ്ടിക്കാട്ടുന്നു. ഗാന്ധിജി സ്വപ്നം കണ്ട സ്വയംപര്യാപ്ത ജൈവഗ്രാമങ്ങൾ എന്ന പ്രതിരോധ ഉപാധിയുടെ മാതൃകയും പ്രതീകവും ആയിരുന്നു ചർക്കയും തദ്ദേശീയവസ്ത്രങ്ങളും. പക്ഷേ കോളനിയനന്തരകാലം ആ ചർക്കയെ മ്യൂസിയത്തിൽ പ്രതിഷ്ഠിക്കുകയും അതിന്റെ മൂല്യത്തെ വിൽപ്പനച്ചരക്കാക്കുകയും ചെയ്തു. സ്വാതന്ത്ര്യാനന്തര ഇന്ത്യയ്ക്ക് നാട്ടറിവുക

ളുടെയും സങ്കേതങ്ങളുടെയും പുനരുജ്ജീവനത്തിലൂടെ നാട്ടുജനതയുടെ വിമോചനം എന്ന സ്വപ്നം ഉണ്ടായിരുന്നെങ്കിലും നാട്ടുകൾ നഗരങ്ങളാവുകയും നാട്ടുകൂട്ടങ്ങൾ മറഞ്ഞുപോവുകയും ചെയ്യുന്നതാണ് യഥാർത്ഥത്തിൽ സംഭവിച്ചത്.

വ്യാപാരകേന്ദ്രം എന്ന നിലയിൽ അതിവേഗം നഗരവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന പ്രദേശമാണ് ബാലരാമപുരം. ദേശീയപാതാവികസനവും വിഴിഞ്ഞം തുറമുഖവും അതിന് ഒന്നുകൂടി ആക്കം കൂട്ടും. ദേശം നാട്ടറിവിനെ മാത്രമല്ല, നാട്ടറിവ് ദേശത്തെയും നിർണ്ണയിക്കുന്നുണ്ട്. 'നെയ്ത്തറിവ്' എന്ന 'കലാത്മക സംവേദന'ത്തിൽ നിന്ന് ദേശത്തെയും കലാത്മകതയെയും മുറിച്ചുനീക്കി ലാഭം മാത്രം ലാക്കാക്കിയുള്ള നവീന വ്യവസായമാക്കി മാറ്റുമ്പോൾ നെയ്ത്തറിവിന്റെ കലാചരിത്രവും ദേശചരിത്രവും അസ്തമിക്കുന്നു. ഒരു 'നാട്ടിന'ത്തിന്റെ (ഫോക്ജനസ്) അസ്തിത്വം നഷ്ടപ്പെടുമ്പോൾ അത് നിലനിൽക്കുന്ന ദേശത്തിന്റെ വൈവിധ്യവും കൂട്ടായ്മയുടെ സ്വത്വവും കൂടിയാണ് അന്യം നിൽക്കുന്നത്. ഭാവിയിൽ ബാലരാമപുരം കൈത്തറി ഒരു വ്യാപാരചിഹ്നവും ഗൃഹാതുരസ്മരണയും മാത്രമായി മാറാതിരിക്കണമെങ്കിൽ ലാഭേച്ഛ കൂടാതെയുള്ള കരുതൽ നടപടികൾ അനിവാര്യമാണ്.

"എല്ലാ കൂട്ടായ്മകളെയും അഭിരുചികളെയും ഒന്നാക്കാനും അതുവഴി ഉൽപ്പന്നങ്ങളുടെ വിപുലമായ വിപണനം സാധ്യമാക്കാനും രാഷ്ട്രങ്ങളെ കമ്പോളമാക്കാനും ആധിപത്യം സ്ഥാപിക്കാനുമാണ് ആഗോളവൽക്കരണപ്രക്രിയ ശ്രമിക്കുന്നത്. ഇത് കൂട്ടായ്മയെ ശിഥിലമാക്കി സ്വത്വപ്രതിസന്ധിക്ക് വഴിവയ്ക്കുന്നു" (സോമൻ കടലൂർ, 41). ഇത്തരമൊരു സ്വത്വപ്രതിസന്ധിയിലൂടെ കടന്നുപോവുകയാണ് ബാലരാമപുരം കൈത്തറിയും. ഉൽപ്പാദന -വിതരണ-വിപണന ശൃംഖലകളുടെ ആഗോളപരിസരത്തിൽ സ്വത്വസൂചകങ്ങളായ ദേശമുദ്രകളുടെ വീണ്ടെടുപ്പ് അനിവാര്യമാണ്. വ്യാജങ്ങളിലും അനുകരണങ്ങളിലും നിന്ന് ആധികാരിക ഉൽപ്പന്നത്തെ സംരക്ഷിക്കേണ്ടതുണ്ട്. ഇത് സാധ്യമാകണമെങ്കിൽ നാട്ടറിവിനെ തന്നെ ആയുധമാക്കി നാട്ടുജനതയ്ക്കുള്ളിൽ നിന്നുതന്നെ പ്രതിരോധം ഉയർന്നുവരേണ്ടതുണ്ട്.

**ഉപസംഹാരം**

ബാലരാമപുരം എന്ന ദേശത്തിന്റെ ഭൂപ്രകൃതി, കാലാവസ്ഥ, ഋതുഭേദങ്ങൾ എന്നിവയും തദ്ദേശജനതയുടെ നൈപുണ്യവും നാട്ടുസൗന്ദര്യബോധവും ജൈവ അസംസ്കൃത വസ്തുക്കളും സമ്മേളിക്കുന്ന അപൂർവ്വ ഉൽപ്പന്നമാണ് ബാലരാമപുരം കൈത്തറി. അതിലന്തർഭവിക്കുന്ന ദേശീമുദ്രകളും പ്രകൃതിബോധവും കലാത്മകതയും അതിനെ നിത്യജീവിതത്തിനാവശ്യമായ ഭൗതിക ഉൽപ്പന്നം എന്ന നിലയിൽ നിന്ന് 'പ്രയുക്തകല' (Applied art) എന്ന നിലയിലേക്കുയർത്തുന്നു.

നെയ്ത്ത്, ചെറുകിട കുടിൽവ്യവസായം എന്ന നിലയിൽ നിന്ന് വൻകിട വ്യവസായമായി മാറുകയും കുഴിത്തറികളുടെ സ്ഥാനത്തേക്ക് യന്ത്രത്തറികൾ കടന്നുവരികയും ചെയ്തുകഴിഞ്ഞ പുതിയ കാലത്ത് പരമ്പരാഗത നെയ്ത്തു കൂട്ടായ്മകൾ അസ്തിത്വപ്രതിസന്ധിയിലാകുന്നു. അർഹമായ അംഗീകാരമോ പരിഗണനയോ ഉപജീവനത്തിനെങ്കിലും പര്യാപ്തമാകുംവിധമുള്ള വേതനമോ ലഭിക്കാത്ത സാഹചര്യത്തിൽ ബാലരാമപുരത്തെ പുതിയ തലമുറ നെയ്ത്തുപാരമ്പര്യം ഉപേക്ഷിക്കാൻ നിർബന്ധിതരാകുന്നു. നിലവിലെ സ്ഥിതിയിൽ ബാലരാമപുരത്തെ നെയ്ത്തറിവിന്റെ സജീവ സംവാഹനം ഈ തലമുറയോടെ അന്യം നിന്നേക്കും.

ഉടമസ്ഥരായ നാട്ടുജനതയെയും പശ്ചാത്തലമായ ജൈവപരിസരത്തെയും ബോധപൂർവ്വം മറന്നുകളയുകയും അതേസമയം സമൂഹമനസിലെ സജീവമായ നാട്ടറിവു സ്മൃതികളെ വിൽപ്പനച്ചരക്കാക്കുകയും ചെയ്യുക എന്നത് പുതിയ കാലത്തിന്റെ രീതിശാസ്ത്രമാണ്. ഇവിടെ തദ്ദേശീയ നെയ്ത്തുകൂട്ടായ്മയെ അന്യവൽക്കരിക്കുകയും നെയ്ത്തറിവിന്റെ സാമ്പത്തികവും സാംസ്കാരികവും വൈകാരികവുമായ മൂല്യത്തെ ഉപയോഗിക്കുകയും ചെയ്യുന്നു.

'ഭൗമസൂചികാപദവി' ഉണ്ടായിരുന്നിട്ടും ബാലരാമപുരം കൈത്തറിയുടെ യഥാർത്ഥ ഉടമസ്ഥരായ തദ്ദേശജനത ആ നാട്ടറിവിനെ കൈവിടാൻ നിർബന്ധിതരാകുന്ന സാഹചര്യം കുത്തകമുതലാളിത്തത്തിന്റെ അധിനിവേശ തന്ത്രങ്ങളുടെ സൃഷ്ടിയാണ്. ഇതു മറികടക്കണമെങ്കിൽ ഉൽപ്പാദന-വിതരണ-വിപണന ശൃംഖല നാട്ടറിവിന്റെ യഥാർത്ഥ അവകാശികൾക്ക് പ്രാപ്യമാകുംവിധം സുതാര്യമാക്കേണ്ടതും പുനർനിർമ്മിക്കേണ്ടതുമുണ്ട്.

കമ്പ്യൂട്ടർ ഉൾപ്പെടെ ആധുനിക സാങ്കേതികവിദ്യയുടെ അധികസൗകര്യങ്ങളെ പ്രയോജനപ്പെടുത്തിയും തദ്ദേശീയമായ പൈതൃകജ്ഞാനത്തിലും ജൈവസമീപനത്തിലും പാരിസ്ഥിതിക ജാഗ്രതയിലും വിട്ടുവീഴ്ച വരുത്താതെയും പ്രാഥമിക ഉണഭോക്താവ് നാട്ടുജനത തന്നെയാകുംവിധം നാട്ടുസങ്കേതത്തെ കാലാനുസൃതം പരിഷ്കരിക്കണം.

നാട്ടറിവുകളുടെ മൂല്യം കൂട്ടായ്മയുടെ അറിവോ സമ്മതമോ ഇല്ലാതെ കച്ചവടവൽക്കരിക്കപ്പെടുന്ന അപകടകരമായ സമകാലിക സാഹചര്യത്തെ നേരിടണമെങ്കിൽ നാട്ടുജനത കൂടുതൽ ജാഗ്രത പുലർത്തേണ്ടതും പ്രതിരോധസജ്ജമാകേണ്ടതുമുണ്ട്. അത്തരം ശ്രമങ്ങൾക്ക് താങ്ങാകുംവിധമാകണം സർക്കാർതല സംവിധാനങ്ങൾ പ്രവർത്തിക്കേണ്ടതും. അല്ലാത്തപക്ഷം നെയ്ത്തറിവുൾപ്പെടെ പല നാട്ടറിവുകളും മുതലാളിത്തത്തിന് കുട പിടിക്കാനുള്ള ഗൃഹാതുരമായ 'നാട്ടുസ്മരണ' മാത്രമാകും.

**ആവേദകർ**

1. സുബ്രഹ്മണ്യൻ (97), ഡബിൾസ്ട്രീറ്റ്, മനോൻമണി ഇല്ലം, ബാലരാമപുരം.
2. അമുദ (54), ഡബിൾസ്ട്രീറ്റ്, മനോൻമണി ഇല്ലം, ബാലരാമപുരം.
3. ഋഷികുമാർ (33), തിരുവനന്തപുരം.
4. ജയമോഹനൻ (62), രജിതാഭവൻ, ചിറത്തലവിളാകം, ബാലരാമപുരം.
5. നായനാർ (60), ഡബിൾസ്ട്രീറ്റ്, ബാലരാമപുരം.
6. ശ്രീകുമാരൻനായർ (63), കിഴക്കേക്കോണം, നടൂർകൊല്ല, അമരവിള
7. ലോലകുമാരി (55), കുണ്ടൂർ മേല്, സുകുമാരവിലാസം,അമരവിള.
8. ശ്രീനിവാസൻ (68), ശ്രീലകം, വില്ലിക്കുളം, ബാലരാമപുരം

കടപ്പാട് : Photo Documentary on Balaramapuram Kaithari – ഋഷികുമാർ

**സഹായകഗ്രന്ഥങ്ങൾ**

പള്ളത്ത് ജെ.ജെ., 2017 *നാട്ടറിവ് (ഒരു സമ്പൂർണ്ണ പഠനവും രീതിശാസ്ത്രവും),* ഒലിവ് പബ്ലിക്കേഷൻസ്.

രാജഗോപാലൻ സി.ആർ., 2017 കേരളസംസ്കാരപ്പൊലിമകൾ (*കണ്ണാടി നോക്കുമ്പോൾ*), ഡി.സി.ബുക്സ്, കോട്ടയം.

ശ്രീകുമാർ കരീപ്പുഴ, 2018 *കരീപ്പുഴ ശ്രീകുമാറിന്റെ കവിതകൾ*, ഡി.സി. ബുക്സ്, കോട്ടയം.

സോമൻ കടലൂർ, 2011 *ഫോക്‌ലോറിന്റെ സൗന്ദര്യശാസ്ത്രം*, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.

ഹരിപ്രിയ എസ്., 2019 *കേരളത്തിലെ കൈവേലകൾ*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

sreejajsl84@gmail.com